# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1273

12.06.2014-ൽ മറുപടിയ്ക്ക്

## തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ. റ്റി.യു. കുരുവിള | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കോതമംഗലം തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് ടെണ്ടർ തുകയുടെ 24% കുറച്ചാണ് എടുത്തിരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി കോൺട്രാക്ടർ ഉപേക്ഷിച്ചു പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാരിന് ഇതുമൂലം വന്നിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഷ്ടം കണക്കാക്കിയിട്ടില്ല. |
| (സി) ഒരു സർവ്വെ നമ്പരിൽ വന്ന പിശക് കറക്ട് ചെയ്യുന്നതിലുള്ള ഉദാസീനതയാണ് ഇതിന് കാരണമായത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്ക് എതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (സി) സർവ്വേയിൽ വന്ന പിശക കാരണമാണ് സ്ഥലമുടമയ്ക്ക് നഷ്ടപരിഹാരം നൽകുവാൻ താമസമുണ്ടായത്. ജില്ലാ കളക്ടർ ഇടപെട്ട് സ്ഥലം അളന്ന തിട്ടപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) തങ്കളം, കോഴിപ്പിള്ളി ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) വിട്ടുപോയ സർവ്വേ നമ്പറുകളുടെ അഡീഷണൽ അക്വസിഷനിൽ വരുന്ന 23.66 ആർ സ്ഥലത്തിന്റെ 4(1) വിജ്ഞാപനം 15.11.2011-ൽ ആയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം റവന്യൂ അധികാരികൾ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ഈ സ്ഥലം ഏറ്റെടുക്കുകയും ഇതുമായി ബന്ധപ്പെട്ട ശ്രീ. പി.ഡി ആന്റണിയുടെ കേസിൽ തീരുമാനം ആകുകയും ചെയ്താൽ മാത്രമേ പണി പുനഃരാരംഭിക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ